

# കുറിഞ്ഞിമല

ഒരു പ്രത്യേക സസ്യത്തിനുവേണ്ടി മാത്രം നമ്മുടെ രാജ്യത്ത് നിലവിൽ വന്ന ആദ്യ ഉദ്യാനമാണ് കുറിഞ്ഞിമല സംരക്ഷണ കേന്ദ്രം. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കോട്ടക്കാമ്പൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 32 ച.കീ.മീറ്റർ വ്യാപിച്ചുകിടക്കുന്ന ഈ പ്രദേശം 2006 ലാണ് സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചത്. പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന അപൂർവ്വ സസ്യമായ നീലകുറിഞ്ഞി പന്ത്രണ്ട് വർഷത്തിൽ ഒരിക്കൽ മാത്രം പൂക്കുമ്പോൾ കണ്ണെത്താദൂരത്തോളം 'നീലക്കടൽ' വിരിയുന്ന കുറിഞ്ഞി പൂക്കളുടെ തലസ്ഥാനമായി ഈ ദേശീയോദ്യാനം മാറുന്നു. നിത്യഹരിത വനങ്ങളേക്കാൾ, ചോലവനങ്ങളും, പുൽമേടുകളുമാണ് കൂടുതൽ കാണപ്പെടുക. ആന, വരയാട്, കാട്ടുപോത്ത്, തുടങ്ങിയ വന്യമൃഗങ്ങളെയും കാണാം. മൂന്നാറാണ് ഏറ്റവും അടുത്ത ഠൗൺ. ഡിസംബർ മുതൽ മെയ്‌വരെയാണ് സഞ്ചാരികൾ എത്താറുള്ളത്. മൂന്നാറിൽ താമസ സൗകര്യം ലഭ്യമാണ്.

......



| | | |
|---|---|---|
| വിസ്തീർണ്ണം | - | 32 ച.കി.മീറ്റർ |
| വർഷപാതം | - | 3000 മി.മീറ്റർ |
| ഊഷ്മാവ് | - | $9^0$ - $30^0$ C |
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | - | 1200 -2000 മീറ്റർ |
| സന്ദർശനകാലം | - | ഡിസംബർ - മാർച്ച് |




*കൂടുതൽ വിവരങ്ങൾക്ക്*

വൈൽഡ്‌ലൈഫ് വാർഡൻ
ഇരവികുളം നാഷണൽപാർക്ക്
മൂന്നാർ പി.ഒ. ഇടുക്കി ജില്ല-685612.
ഫോൺ : 04865-231587
മൊബൈൽ - 9447979093
E-mail- enpmunnar@gmail.com.
website.www.eravikulam.org.

